പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3731 30.01.2014 -ൽ മറുപടിക്ക്

## കാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി. ബസ്സിൽ യാത്രാ സൗജന്യം

**ചോദ്യം**

ശ്രീ. എം. എ. വാഹീദ് :
" തേറമ്പിൽ രാമകൃഷ്ണൻ :
" എ. പി. അബ്ദുള്ളക്കുട്ടി :
" വി. ഡി. സതീശൻ :

**ഉത്തരം**

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും പരിസ്ഥിതിയും ഗതാഗതവും
സ്പോർട്സും സിനിമയും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | കാൻസർ രോഗികൾക്ക് കെ.എസ്. ആർ.ടി.സി. ബസ്സിൽ യാത്രാ സൗജന്യം അനുവദിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | ഉണ്ട്. കാൻസർ രോഗികൾക്ക് അവരുടെ താമസസ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കു പോയിവരുന്നതിന് ടി ചികിത്സാ കേന്ദ്രങ്ങളിൽ നിന്നും നൽകിയിട്ടുള്ള ചികിത്സാ രേഖകളുടെ അടിസ്ഥാനത്തിൽ യാത്രാക്കൂലിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. |
| (ബി) | കോർപ്പറേഷന്റെ ഏതെല്ലാം ബസ്സുകളിലാണ് സൗജന്യം ലഭ്യമാകുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ; | (ബി) | കാൻസർ രോഗികൾക്ക് അവരുടെ താമസസ്ഥലത്തുനിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കുപോകുന്ന ദിവസം കെ.എസ്.ആർ.ടി.സി.യുടെ എല്ലാ ഓർഡിനറി, സിറ്റി ഫാസ്റ്റ്, ലിമിറ്റഡ് സ്റ്റോപ്, ലിമിറ്റഡ് സ്റ്റോപ്പ് ഫാസ്റ്റ് പാസഞ്ചർ, റിസർവേഷൻ ഇല്ലാത്ത എല്ലാ ഫാസ്റ്റ് പാസഞ്ചർ ബസുകളിലും യാത്രാ കൂലിയിൽ 50% സൗജന്യ നിരക്കിൽ യാത്ര ചെയ്യാവുന്നതാണ്. |

| | | | |
|---|---|---|---|
| (സി) | രോഗികൾക്ക് സ്ഥിരമായി യാത്രാ പാസ്സ് നൽകുന്നതിന് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം ? | (സി) | ക്യാൻസർ രോഗികൾക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ സ്ഥിരമായി യാത്ര ചെയ്യുന്നതിന് പാസ് നൽകിയിട്ടില്ല. 10.04.2012-ലെ സ.ഉ.(എം.എസ്) നമ്പർ. 21/2012/ഗതാഗതം എന്ന സർക്കാർ ഉത്തരവ് പ്രകാരം കാൻസർ രോഗികൾക്ക് ആവരുടെ താമസസസ്ഥലത്തു നിന്നും മെഡിക്കൽ കോളേജ്, റീജിയണൽ ക്യാൻസർ സെന്ററുകൾ തുടങ്ങിയ അംഗീകൃത കാൻസർ ചികിത്സാ കേന്ദ്രങ്ങളിലേക്കും തിരിച്ചും ചികിത്സക്കുപോകുന്ന ദിവസത്തേക്ക് മാത്രം യാത്ര ചെയ്യുന്നതിന് പാസ് അനുവദിക്കാറുണ്ട്. കോർപ്പറേഷൻ ഭീമമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ സ്ഥിരമായി യാത്രാ പാസ് നൽകുന്നത് സാമ്പത്തിക ബാദ്ധ്യത ഇനിയും അധികരിക്കാനിടയാക്കുമെന്നതിനാൽ സ്ഥിരമായി യാത്രാ പാസ് നൽകുന്നതിന് ഇപ്പോഴത്തെ അവസ്ഥയിൽ നിർവ്വാഹമില്ലാത്തതാണ്. |

സെക്ഷൻ ഓഫീസർ